**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4593** **10-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. റോജി എം. ജോൺ** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ധനവില അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക്, CNG, LPG എന്നിവ ഉപയോഗിക്കുന്നത് സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹന നയത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നു. G.O.(P)No.21/2020/Trans dated, 22/04/2020 പ്രകാരം വൈദ്യുതി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തെ നികുതി ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ കേന്ദ്ര സർക്കാർ വിജ്ഞാപനം RT-11036/104/2021-MVL dated, 16/06/2021 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഇലക്ട്രിക് വാഹനങ്ങളെ രജിസ്ട്രേഷൻ ഫീസിൽ നിന്നും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 02/08/2021 ലെ GSR525(E) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. മാത്രമല്ല ബാറ്ററി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് അവരുടെ വരുമാന പരിധി 3 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ പരമാവധി 30,000/- രൂപവരെ സബ്സിഡി ആയി നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ FAME – II (Faster Adoption and Manufacturing of Electric mobility) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 126 ഇലക്ട്രിക് വാഹന മോഡലുകൾക്ക് 'Demand Incentive' പ്രകാരം സഹായം നൽകുന്നുണ്ട്. അത് ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. 01/04/2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് മോട്ടോർ സൈക്കിൾ, മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ (PSV for Personal Use) സ്വകാര്യ |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനുപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങൾ എന്നിവയുടെ 15 വർഷത്തെ ഒറ്റത്തവണ നികുതി അവയുടെ വിലയുടെ 5% മായി 2020 – ലെ ഫൈനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല GO(P)No.12/2021/Trans dated, 23/02/2021 പ്രകാരം, 01/04/2021 മുതൽ, സ്വകാര്യ ആവശ്യത്തിനായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ഒടുക്കേണ്ടതായ ഒറ്റത്തവണ നികുതിയിൽ ആദ്യത്തെ 5 വർഷത്തെ നികുതി 50% ഇളവ് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക്, CNG, LPG എന്നിവ ഉപയോഗിക്കുന്നത് സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹന നയത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നു. G.O.(P)No.21/2020/Trans dated, 22/04/2020 പ്രകാരം വൈദ്യുതി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തെ നികുതി ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ കേന്ദ്ര സർക്കാർ വിജ്ഞാപനം RT-11036/104/2021-MVL dated, 16/06/2021 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഇലക്ട്രിക് വാഹനങ്ങളെ രജിസ്ട്രേഷൻ ഫീസിൽ നിന്നും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 02/08/2021 ലെ GSR525(E) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. മാത്രമല്ല ബാറ്ററി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് അവരുടെ വരുമാന പരിധി 3 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ പരമാവധി 30,000/- രൂപവരെ സബ്സിഡി ആയി നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ FAME – II (Faster Adoption and Manufacturing of Electric mobility) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 126 ഇലക്ട്രിക് വാഹന മോഡലുകൾക്ക് 'Demand Incentive' പ്രകാരം സഹായം നൽകുന്നുണ്ട്. അത് ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. 01/04/2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് മോട്ടോർ സൈക്കിൾ, മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ (PSV for Personal Use) സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങൾ എന്നിവയുടെ 15 വർഷത്തെ ഒറ്റത്തവണ നികുതി അവയുടെ വിലയുടെ 5% മായി 2020 – ലെ ഫൈനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മാത്രമല്ല GO(P)No.12/2021/Trans dated, 23/02/2021 പ്രകാരം, 01/04/2021 മുതൽ, സ്വകാര്യ ആവശ്യത്തിനായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ഒടുക്കേണ്ടതായ ഒറ്റത്തവണ നികുതിയിൽ ആദ്യത്തെ 5 വർഷത്തെ നികുതി 50% ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ